# വിശുദ്ധ ഖുർആൻ

പൂർവ വേദങ്ങളെല്ലാം ഭേദഗതി ചെയ്യപ്പെടുകയും, അവയുടെ അടിസ്ഥാന സന്ദേശം അവഗണിക്കപ്പെടുകയോ വിസ്മൃതമാവുകയോ ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ അവതീർണമായ വേദമാണ് വിശുദ്ധഖുർആൻ. ഭാഷകളും ദേശങ്ങളും തമ്മിൽ സംസർഗത്തിലേർപ്പെടുകയും സംസ്കാരങ്ങളുടെയും ദർശനങ്ങളുടെയും ആഗോളാടിസ്ഥാനത്തിലുള്ള വിനിമയം ആരംഭിക്കുകയും ചെയ്ത ചരിത്ര സന്ധിയിൽ ഖുർആൻ അവതരിച്ചത് മനുഷ്യവംശത്തിനാകമാനമായിട്ടാണ്. അല്ലാഹു മുഹമ്മദ് നബിയോട് പറയുന്നു: "ഈ ഉദ്ബോധനം നാം നിനക്ക് അവതരിപ്പിച്ചിരിക്കുന്നത്, മനുഷ്യ വംശത്തിനായി ഇറക്കപ്പെട്ട സന്മാർഗ പാഠങ്ങൾ നീ അവർക്ക് വിശദീകരിച്ചു കൊടുക്കേണ്ടതിനാകുന്നു"(16: 44). "സകല കാര്യങ്ങൾക്കുമുള്ള വ്യക്തമായ പ്രമാണമായി നാം ഈ വേദം നിനക്കവതരിപ്പിച്ചു തന്നിരിക്കുന്നു. അത് മുസ്‌ലിംകൾക്ക് സന്മാർഗ ദർശകവും അനുഗ്രഹവും സുവിശേഷവുമാകുന്നു"(16:89). ഖുർആൻ മനുഷ്യരുടെ കൈകടത്തലുകൾക്കും വിസ്മൃതിക്കും അതീതമാകുന്നു. അതിന്റെ സംരക്ഷണം അല്ലാഹു തന്നെയാണ് ഏറ്റെടുത്തിരിക്കുന്നത്. "ഇത് മഹത്തായ ഖുർആൻ ആകുന്നു. സുരക്ഷിത ഫലകങ്ങളിൽ സൂക്ഷിക്കപ്പെട്ടത്" (85: 21, 22). "നാം (അല്ലാഹു) ആകുന്നു ഈ ഉദ്ബോധനം (ഖുർആൻ) അവതരിപ്പിച്ചിട്ടുള്ളത്. നാം തന്നെ അതിനെ സംരക്ഷിക്കുന്നതാകുന്നു"(15:9). കഴിഞ്ഞ ഒന്നര സഹസ്രാബ്ദമായി വിശുദ്ധ ഖുർആൻ വള്ളിപുള്ളി വ്യത്യാസമില്ലാതെ അതിന്റെ തനിമയോടെ നിലനില്ക്കുന്നു. ലോകാവസാനം വരെ അത് അങ്ങനെ നിലനില്ക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ അതിന്റെ സാന്നിധ്യത്തിൽ മറ്റൊരു വേദം അവതരിക്കേണ്ട ആവശ്യമില്ലാതായിരിക്കുന്നു. മുഹമ്മദ്നബിക്കു ശേഷമുള്ള എല്ലാ തലമുറകളും തങ്ങളുടെ വിശ്വാസത്തിനും കർമത്തിനും പ്രമാണമായി അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് വിശുദ്ധ ഖുർആനിനെയാണ്. മനുഷ്യ ജന്മത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും ജീവിതധർമങ്ങളുമാണ് ഖുർആനിന്റെ ഉള്ളടക്കം. കാലവും സാഹചര്യങ്ങളും എത്രതന്നെ മാറിയാലും ഖുർആനിന്റെ അധ്യാപനങ്ങൾക്കു മങ്ങലേല്ക്കുന്നില്ല. ഏതു സാഹചര്യത്തിലും സന്മാർഗപ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നിത്യ ദീപമാണത്.

ഇതര വേദഗ്രന്ഥങ്ങളിൽനിന്ന് വിശുദ്ധ ഖുർആനെ വേർതിരിച്ചുനിർത്തുന്ന മുഖ്യ സവിശേഷതകൾ ഇങ്ങനെ സംഗ്രഹിക്കാം: 1. പൂർവ വേദങ്ങളുടെ മൂലരൂപം നഷ്ടപ്പെട്ടിരിക്കുന്നു. പലതിന്റെയും മൂലഭാഷപോലും ഇന്നു നിലവിലില്ല. അവയുടെ വികലവും അപൂർണവുമായ തർജമഃകളും തർജമഃകളുടെ തർജമഃകളുമാണിന്നു നിലവിലുള്ളത്. അത്തരം വേദങ്ങൾ ദൈവത്തിന്റെ മൂല വചനങ്ങളല്ല എന്നതിനു ഈ വസ്തുത തന്നെ മതിയായ സാക്ഷ്യമാകുന്നു. ചില വേദങ്ങൾ ഏതു പ്രവാചകന്ന് ഏതു കാലത്താണ് അവതരിച്ചതെന്നോ ആരാണ് പകർത്തിയെഴുതി പ്രചരിപ്പിച്ചതെന്നോ അറിഞ്ഞുകൂടാ. ഈ അജ്ഞത അവയുടെ ആധികാരികതയെ തീർത്തും നിഷേധിക്കുന്നു. വിശുദ്ധ ഖുർആൻ ആർക്ക്, എവിടെ വച്ച്, എന്ന് അവതരിച്ചു എന്ന് ചരിത്രം സുവ്യക്തവും അനിഷേധ്യവുമായ രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഖുർആൻ അവതരിച്ച അതേ ഭാഷയിൽ മൂലവചനങ്ങളിൽ തന്നെ യാതൊരു മാറ്റത്തിരുത്തിനും വിധേയമാകാതെ നിലനില്ക്കുന്നു. ഖുർആൻ അവതരിച്ച അറബി ഭാഷ ഇന്നും അനേകം രാജ്യങ്ങളിൽ കോടിക്കണക്കിൽ ജനങ്ങളുടെ സംസാര ഭാഷയാണ്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അതു പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

2. പൂർവവേദങ്ങളിൽ പലതും ദൈവവചനങ്ങളുടെയും ആ വേദ വാഹകരുടെ ചരിത്രത്തിന്റെയും വേദപണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളുടെയും സങ്കലനമാണ്. വേദവചനങ്ങളെയും ചരിത്രത്തെയും വേദവ്യാഖ്യാനങ്ങളെയും തമ്മിൽ വേർതിരിക്കാൻ കഴിയാത്ത അവസ്ഥയിലാണവ. വിശുദ്ധ ഖുർആനിലാകട്ടെ, അല്ലാഹുവിന്റെ വചനങ്ങളല്ലാത്ത ഒരക്ഷരവും കൂട്ടിച്ചേർക്കപ്പെട്ടിട്ടില്ല. വ്യാഖ്യാനങ്ങളും ചരിത്രങ്ങളും വേറെത്തന്നെയാണ് എഴുതപ്പെട്ടിരിക്കുന്നത്. അവയിൽനിന്ന് ഒരുപദം ഖുർആനിലേക്ക് ചേരാനോ ഖുർആനിൽനിന്ന് ഒരു പദം ചോർന്നു പോകാനോ പഴുതില്ലാത്തവിധം ഭദ്രമാണ് ഖുർആനിന്റെ ക്രോഡീകരണം.

3. പൂർവവേദങ്ങൾ അഭിസംബോധന ചെയ്യുന്നത് പ്രത്യേക ജനവിഭാഗങ്ങളെയാണ്. പ്രത്യേക ജനതകളുടെയും സാഹചര്യങ്ങളുടെയും ആവശ്യങ്ങൾ നിർവഹിക്കുകയായിരുന്നു അവയുടെ ലക്ഷ്യം. അത്തരം വേദങ്ങളുടെ വിധികൾ എല്ലാ സമൂഹങ്ങൾക്കും എല്ലാ കാലഘട്ടത്തിലേക്കും അനുയോജ്യമോ പ്രായോഗികമോ അല്ല. അതുകൊണ്ട് പല വൈദിക സമുദായങ്ങൾക്കും വേദം ഇന്ന് പ്രായോഗിക ജീവിതവുമായി ബന്ധമേതുമില്ലാത്ത ഒരു വിശുദ്ധ പൈതൃകം മാത്രമായിരിക്കുന്നു. വേദാധ്യാപനങ്ങളെ അവഗണിച്ചുകൊണ്ട് ജീവിതത്തിനാവശ്യമായ നിയമങ്ങളും ധർമവ്യവസ്ഥകളും സ്വയം നിർമിച്ചാചരിച്ചു വരികയാണവർ. വിശുദ്ധ ഖുർആൻ അഭിസംബോധന ചെയ്യുന്നത് മനുഷ്യവംശത്തെയാണ്. ഒരു പ്രത്യേക ജനവിഭാഗത്തിനു മാത്രമുള്ള കല്പനകളല്ല ഖുർആനിലുള്ളത്. അതിലെ എല്ലാ വിധിവിലക്കുകളും എക്കാലത്തും പ്രസക്തവും എല്ലാ സമൂഹങ്ങളിലും പ്രായോഗികവുമാകുന്നു. ഖുർആൻ അവതരിച്ചതു മുതൽ ഇന്നുവരെ മുസ്‌ലിം സമൂഹം അതിന്റെ വിധിവിലക്കുകൾ അവരുടെ ദൈനംദിന ജീവിതത്തിൽ അനുവർത്തിച്ചുവരുന്നുമുണ്ട്.

4. പൂർവ വേദങ്ങളിൽ മനുഷ്യരുടെ കൈകടത്തൽ മൂലം യുക്തിക്കും യാഥാർഥ്യത്തിനും വിരുദ്ധമായ പല ആശയങ്ങളും കടന്നുകൂടിയിരിക്കുന്നു. അവ നിർദേശിക്കുന്ന ചില നിയമങ്ങൾ നീതിക്കും ന്യായത്തിനും നിരക്കുന്നതല്ല. ചില വേദങ്ങളിൽ പ്രവാചകന്മാരെയും മലകുകളെയും കുറിച്ച് സഭ്യേതരമായ പല കഥകളും രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ ഖുർആനിൽ യുക്തിക്കോ സത്യത്തിനോ നിരക്കാത്ത യാതൊരു ആശയവും കാണപ്പെടുകയില്ല. അതിലെ വിധിവിലക്കുകൾ നീതിയുടെയും ന്യായത്തിന്റെയും അനിവാര്യ താൽപര്യങ്ങൾ മാത്രമാകുന്നു. പ്രവാചകന്മാരെയോ മലകുകളെയോ അപകീർത്തിപ്പെടുത്തുന്ന യാതൊരു പരാമർശവും ഖുർആനിലില്ല. എന്നല്ല, പൂർവ വേദക്കാർ അവരെക്കുറിച്ചു പ്രചരിപ്പിക്കുന്ന കള്ളക്കഥകളെ ഖുർആൻ നിഷേധിക്കുകയാണ് ചെയ്തിരിക്കുന്നത്.

വിശുദ്ധ ഖുർആനും ഇതര വേദങ്ങളും തമ്മിലുള്ള ഈ അന്തരത്തിന് ഇസ്‌ലാം അനുശാസിക്കുന്ന വേദവിശ്വാസത്തിൽ വലുതായ പ്രസക്തിയുണ്ട്. ഇതര വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം, ഖുർആനിനുമുമ്പും അല്ലാഹു അനേകം വേദങ്ങൾ അവതരിപ്പിച്ചിട്ടുണ്ടെന്നും അവയെല്ലാം മനുഷ്യരെ സത്യത്തിലേക്കും സന്മാർഗത്തിലേക്കും നയിച്ചിരുന്നവയാണെന്നും മൊത്തത്തിൽ അംഗീകരിക്കുക മാത്രമാകുന്നു. എന്നാൽ അവ മനുഷ്യരുടെ ഇടപെടൽ മൂലം വികൃതമായിരിക്കുന്നു. അവയുടെ നിലവിലുള്ള രൂപം മൂലവേദത്തിന്റെ തനിപ്പകർപ്പല്ല. പൂർവ വേദങ്ങളിൽ കടന്നുകൂടിയ വൈകല്യങ്ങൾ ദൂരീകരിച്ചുകൊണ്ട് അവതീർണമായ സംശുദ്ധവും അന്തിമവുമായ വേദമാണ് ഖുർആൻ. അത് സാക്ഷാൽ ദൈവവചനങ്ങളാണ്. പൂർണമായും സുരക്ഷിതമാണ്. അതിലെ വിധിവിലക്കുകളെല്ലാം എല്ലാ കാലത്തും പ്രസക്തവും എല്ലാവരാലും അനുസരിക്കപ്പെടേണ്ടതുമാണ്.